പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .150 — 04.02.2013-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് മുൻകരുതൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികൾക്കും ബോട്ടുകൾക്കും ഭീഷണിയാകുന്ന കടൽ അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മത്സ്യബന്ധന വേളയിൽ സുരക്ഷാ കിറ്റ് (10 ഐറ്റം ഉൾപ്പെടെ) വിതരണം ചെയ്തു വരുന്നു. റേഡിയോ ബീക്കൺ, ലൈഫ് ബോയ്, റഡാർ റിഫ്ളക്ടർ, ഹീലിയോ ഗ്രാഫ്, ഫിഷിംഗ് കം എമർജൻസി ഫ്ളാഷ് ലൈറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ്, കോംപസ്, ജാക്ക് നൈഫ്, കന്നാസ് എന്നീ ഉപകരണങ്ങളാണ് സുരക്ഷാ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ മത്സ്യബന്ധനയാന ഉടമകൾക്ക് AIS(Automatic Identification System), ജി.പി.എസ്.വി., വി.എച്ച്.എഫ്, മറൈൻ റേഡിയോ എക്കോ സൗണ്ടർ, റേഡിയോ ബീക്കൺ എന്നിവ ഉൾപ്പെടുന്ന സുരക്ഷാ കിറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് 5 ഫിഷറീസ് സ്റ്റേഷനുകളിലായി പ്രവർത്തിച്ചു വരുന്നു. 5 ഫിഷറീസ് സ്റ്റേഷനുകളിലും കൂടി 5 വാടക ബോട്ടുകളും, 3 ഡിപ്പാർട്ട്മെന്റ് വക |

ബോട്ടുകളും രക്ഷാ പ്രവർത്തനത്തിനു പയോഗിക്കുന്നു.

തീരദേശത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തു വരുന്നു.

(സി) അനുവാദമില്ലാതെ തീരക്കടലുകളിലൂടെ യാത്ര ചെയ്യുന്ന വിദേശകപ്പലുകളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(ഡി) തീരക്കടലിലൂടെ യാത്ര ചെയ്യുന്ന വിദേശ കപ്പലുകളുടെ സഞ്ചാരം ശ്രദ്ധയിൽപ്പെട്ടാൽ, കോസ്റ്റ് ഗാർഡിനെയും, നേവിയേയും അറിയിക്കുന്നു. വിദേശക്കപ്പലുകളുടെ നിയന്ത്രണം കേന്ദ്രസർക്കാരിന്റെ പരിധിയിലാണ്. ആയതിനാൽ ഈ വിഷയം കേന്ദ്ര സർക്കാരുമായും ചർച്ച ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ